

# വികാരിയിൽ നിന്ന് ...

30 July 2019

## ദൈവനാമം മഹത്വപ്പെടട്ടെ

കർത്താവിൽ പ്രീയരെ
മൗനത്തിനു മുൻപുള്ള വാക്കുകൾ എന്ന പുസ്തകത്തിൽ വിനായക് നിർമ്മൽ എന്ന എഴുത്തുകാരൻ ഇപ്രകാരം പറയുന്നുണ്ട് . നിന്റെ ജീവിതത്തിന്റെ പാടത്ത് ഞാൻ എന്റെ സ്നേഹത്തിന്റെ വിത്ത് വിതക്കുന്നു. നീ നിന്റെ കരുതലിന്റെ തണൽ അതിന് ചുവടെ കൊടുക്കുക. നിന്റെ വാൽസല്യത്തിന്റെ ജലം അതിന് മീതെ തളിക്കുക. നിന്റെ ക്ഷമയും കുളിരും അതിന് സമ്മാനിക്കുക അത് ഫലം ചൂടുക തന്നെ ചെയ്യും.
നിന്റെ സ്നേഹത്തിലേക്കും ഹൃദയത്തിലേക്കും മടങ്ങി വരുവാൻ സമയമായിരിക്കുന്നു. നിർത്തി വച്ചതോ നിലച്ചു പോയതോ ആയതിലേക്കെല്ലം മടങ്ങിപ്പോക്ക്. തിരിക ചെല്ലുവാനും തിരിച്ചു പിടിക്കുവനുമായി നമുക്കെന്തെല്ലാമുണ്ട് എന്ന തിരിച്ചറിവാണ് നമ്മെ നന്മയിലേക്ക് നയിക്കുന്നത്. ജീവിത യാത്രയിൽ പലതും നമുക്ക് ചോർന്ന് പോയിട്ടുണ്ട്, എന്ന തിരിച്ചറിവാണ് അത് തിരിച്ചു പിടിക്കുവാൻ പ്രേരിപ്പിക്കുന്ന ഘടകം. കൈവിരലുകൾക്കിടയിൽ പലതും നമുക്ക് ചോർന്നു പോയിട്ടുണ്ട്, കൈ വെള്ളയിൽ പലതും വറ്റിപ്പോയിട്ടുണ്ട്. ദൈവമേ എന്റെ ആത്മീക ജീവിതത്തിൽ നഷ്ടപ്പെട്ടതെല്ലാം തിരിച്ച് പിടിക്കുവാനുള്ള ദൈവ കൃപ നൽകേണമേ എന്ന് പ്രാർത്ഥിക്കാം .
ജൂലൈ മാസം അവധിക്കാലമാണ്. നമ്മുടെ കഞ്ഞുങ്ങൾ നന്മയുള്ള മരങ്ങളായി തീരണമെ ന്നുള്ള ആത്മാർഥമായ പ്രാർത്ഥന മാതാപിതാക്കൾക്ക് ഉണ്ടാകണം. ഈ അവധി ദിനങ്ങൾ ചില ദർശനങ്ങൾ കുഞ്ഞുങ്ങളെ പ്രകാശിപ്പിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.
ബോബി തോമസ് അച്ചന്റെ ഓർഡിനനറി എന്ന പുസ്തകത്തിൽ ഇപ്രകാരം ഒരു സങ്കടം പങ്ക് വെയ്ക്കുന്നുണ്ട് ‘ ഏറ്റവും നല്ലത് രൂപപ്പെടുത്താനായി നമ്മുടെ മടിത്തട്ടിലേക്ക് അവിടുന്ന് കുഞ്ഞുങ്ങളെ സമ്മാനിച്ചിട്ട് നമുക്കൊന്നിനും കഴിഞ്ഞില്ലല്ലോ എന്ന സങ്കടം മാത്രം ബാക്കി.’’ നമ്മുടെ അപക്വതയിലെക്കും, ദുർവാശികളിലേക്കും അഭംഗികളിലെക്കും വിരുന്ന് വന്ന ഭാഗ്യം കെട്ട ആ കുരുന്ന് അതിഥികളെ ദൈവങ്ങളെപ്പോലെ ധ്യാനിക്കാനും , പരിചരിക്കാനും നമുക്ക്വിടെ നേരം!.

കുഞ്ഞുങ്ങളെ രൂപപ്പെടുത്തുന്നതിൽ മാതാപിതാക്കളുടെ പരിശ്രമം അനിവാര്യമാണ്. ദൈവം ആഗ്രഹിക്കുന്ന തലത്തിൽ അവരെ രൂപപ്പെടുത്തുന്നതിന് ആവശ്യമായ ദൈവകൃപ യക്ക് വേണ്ടി നമുക്ക് യാചിക്കാം .

ജൂലൈ മാസത്തിൽ യുവജന സഖ്യത്തിന്റെ ആഭിമുഖ്യത്തിൽ “അക്ഷര ജ്യോതി” നടത്തു വാൻ ക്രമീകരിച്ചിരിക്കുന്നുവല്ലോ.

നമ്മുടെ സംസ്കാരത്തിന്റെ തനതായ അനുഭവങ്ങൾ കുഞ്ഞുങ്ങൾക്ക് പകർന്ന് കൊടുക്കുവാനുള്ള ആരംഭമായി നാം അതിനെ കാണണം. ഭാഷയോടുള്ള സ്നേഹം നമ്മുടെ സംസ്കാരത്തെ പ്രതിനിധികരക്കുന്നു എന്ന് നാം മനസ്സിലാക്കുക. ദൈദവീകമായ സംസ്കാരം എങ്ങനെയോ നമ്മുടെ സംസ്കാരത്തെ ഒരളവിലെങ്കിലും വിഴുങ്ങിയിട്ടുണ്ട്.അതിന്റെ നടുവിൽ മലയാള ഭാഷയെയും സംസ്കാരത്തെയും അത് നമ്മിൽ ഉണർത്തുന്ന ഉണർവ്വുകളെയും നമ്മുടെ കുഞ്ഞുങ്ങൾക്ക് പകർന്ന് കൊടു ക്കാനുള്ള ഈ പരിശ്രമം അഭിനന്ദനാർഹാമാണ്. അതിനു നേത്രത്വം കൊടുക്കുന്ന യുവജന സഖ്യാംഗങ്ങളെ പ്രത്യേകം അഭിനന്ദി യ്ക്കുന്നു.

നമ്മുടെ ഇടവക സംഘം ഏറ്റവും ഭംഗിയായും ചിട്ടയായും നടത്തുന്നതി ന് ദൈവം കൃപ ചെയുതു. വ്യാപരിച്ച ദൈവ കൃപയ്ക്കും ദൈവാനു ഗ്രഹത്തിനും സർവ്വേശ്വരന് നന്ദി കരേറ്റുന്നു. ഇടവകാംഗങ്ങളുടെ സഹകരണവും കൂട്ടായ്മയും ലഭിച്ചത് കൊണ്ടാണ് ഇടവക സംഘം ഭംഗിയായി പൂർത്തികരിക്കുവാൻ സാധിച്ചത് . ഇടവക സംഘംങ്ങളായ എല്ലാവരോടുമുള്ള നന്ദി അറിയ്ക്കുന്നു.

ജൂലൈ മാസം 7 -ാം തീയതി നാം ദശാംശ സമർപ്പണ ദിനമായി ആഘോഷിക്കുന്നു. പറഞ്ഞു തീരാത്ത ദാനം നിമിത്തം ദൈവത്തിന് സ്തോത്രം ദൈവം തന്നതിൽ ഒരംശം വേർതിതരിച്ചു ദൈവ രാജ്യ പ്രവർത്തനങ്ങൾക്ക് കൊടുക്കുവാൻ നാം കടപ്പെട്ടവരാണ് . 12 തീയതി പട്ടക്കാർ ക്രിസ്തുവിന് വേണ്ടി നിന്ദ സഹിക്കാൻ ക്ഷണിയ്ക്കപ്പെട്ടവർ എന്നതാണ് നാം ചിന്തിക്കുന്നത് . എന്റെ മകനെ ക്രിസ്തു യേശുവി ലുള്ള നല്ല ഭടനായി നീയും എന്നോട് കൂടെ കഷ്ടം സഹിക്ക. ഓരോ പട്ട ക്കാരനും ക്രിസ്തു യേശുവിന് വേണ്ടി നിന്ദയേൽക്കേണ്ട വരാണന്നു ള്ള ബോധം ഉണ്ടാകുമ്പോൾ ശുശ്രൂഷ ദൈവ നാമം മഹത്വപ്പെടും.

19 -ാം തീയതി നാം വിശ്വാസികളെ രൂപപ്പെടുത്തുന്ന ദൈവ ശാസ്ത്ര അഭ്യസനം എന്നതാണ് നാം ചിന്തിക്കുന്നത് . വേദപുസ്തകം കാലികമായി വ്യാഖ്യാനിക്കപ്പെടുമ്പോൾ അതിന്റെ അർത്ഥവും വ്യപ്തി യം സമൂഹത്തിന് ഉൾക്കൊള്ളുവാൻ സാധിക്കും. ദൈവ വചനം കാലികമായി വ്യാഖ്യാനിയ്ക്കപ്പെടെണ്ടതാണ് . അത് ദൈവം നമ്മിൽ നിന്ന് പ്രതീഷിക്കപ്പെടുന്നണ്ട്

26 -ാം തീയതി "വിശുദ്ധ വിവാഹമാണ് "സഭയായി നാം ചിന്തി യ്ക്കുന്നത് . മനുഷ്യൻ ഏകനായിരിയ്ക്കുന്നത് നല്ലതല്ല എന്ന്! മനസ്സിലാക്കി തക്ക പങ്കാളിയെ ദൈവം നമുക്ക് നൽകുന്നു.

വിശുദ്ധ വിവാഹത്തിലൂടെ നാം ആഗ്രഹിക്കുന്ന ദൈവ രാജ്യ അനുഭവങ്ങൾ നമുക്ക് ചുറ്റുമുള്ളവർക്ക് പകർന്നു നൽകുവാൻ നാം കടപ്പെട്ടവരാണ്. നമ്മുടെ ഉത്തരവദിത്വങ്ങളെ ലാഘവത്തോടെയല്ല. ഏറ്റവും ഊർജ്ജുസ്വലതയോടെ നിർവഹിക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

സ്നേഹത്തോടെ സം ജോർജ്ജ് അച്ചൻ

ഫോൺ : 39732763 , 17250630
samgeorge3543@gmail.com